"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ UPS കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ അന്തിമ ബിൽ തുക റിലീസ് ചെയ്യുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക റീ-അലോട്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.275/2025/LSGD തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:- 1. സ ഉ (സാധാ) നമ്പർ.606/2024/LSGD തീയതി 14/03/2024
2.പ്രിൻസിപ്പൽ ഡയറക്ടറുടെ 21.10.2024 ലെ LSGD/PD/31160/2023-CSSB4 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മൽ ഗ്രാമ പഞ്ചായത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXIII ൽ ഉൾപ്പെടുത്തിയ 'കിളിമാനൂർ UPS കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തിയുടെ അന്തിമ ബിൽ തുകയായ 7.70 ലക്ഷം രൂപ അനുവദിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തുകയുടെ ബില്ല് ട്രഷറിയിൽ സമർപ്പിച്ചപ്പോൾ ബില്ല് അഞ്ച് ലക്ഷത്തിന് മുകളിൽ ആയിരുന്നതിനാൽ WAMS ക്ലിയറൻസ് ആവശ്യപ്പെടുകയും തുടർന്ന് BDS-ലേക്ക് മാറ്റുകയും ചെയ്തു. എന്നാൽ നബാർഡിൽ നിന്ന് അലോട്ട്മെന്റ് ലഭിച്ച തുക 2024 മാർച്ച 31 ന് മുമ്പായി BDS ൽ നിന്ന് മാറ്റി നൽകിയിരുന്നില്ല. ആയതിനാൽ, 2024-25 സാമ്പത്തിക വർഷത്തിൽ ടി തുക റീ-അലോട് ചെയ്ത് പ്രവൃത്തിയുടെ ഫൈനൽ ബിൽ തുകയായ 7.70 ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷത്തിൽ പുതുക്കി അനുവദിക്കുന്നതുള്ള നടപടി സ്വീകരിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി .

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം അനുവദിച്ച, തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ UPS കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ final ബിൽ തുകയായ ₹7,70,000/- (ഏഴു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം), 2024-25 സാമ്പത്തിക വർഷത്തിലെ 2515-00-198-50-(01)35(PV) എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും റീ-അലോട്ട് ചെയ്ത് പുതുക്കി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(07.01.2025ലെ 2048403 NC-A2/2/2022-FIN-Part(1)പ്രകാരം)

വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 29-01-2025 15:17:24
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി